بسم الله الرحمن الرحيم

# JAMAAT UL SAHIH AL ISLAM: An Outlook

# ജമാ അതു സ്സഹീഹിൽ ഇസ്ലാം – ഒരെത്തിനോട്ടം

പതിനഞ്ചാം നൂറ്റാിലെ മുജദ്ദിദ് , ഖലീഫത്തുള്ളാഹ്, മസീഹ് മൗഊദ്, മുഹയിദ്ദീൻ, അമീറുൽ മുഅ്മീനീൻ , ഹസ്രത്ത് മുനീർ അഹ്മദ് ആസിം അവർകൾ നിർദ്ദേശിച്ചതനുസരിച്ച് , വിനീത സഹോദ രൻ ആർ.ജമാലുദ്ദീൻ റാവുത്തർ, അമീർ, ജമാ അതു സ്സഹീഹിൽ ഇസ്ലാം കേരള തയ്യാറാക്കിയത്.

*Prepared and translated by humble brother R.Jamaluddin Raother Amir JAMAAT UL SAHIH AL ISLAM Kerala as per the instruction of the present era Mujaddid, Khaleefathullah, Maseeh Maoud, Muhyi-uddeen And Ameerul Momineen Hazrath Munir Ahmad Azim (May Allah strengthen his hands)*

### ജമാ അതു സ്സഹീഹിൽ ഇസ്ലാം അഥവാ ഇസ്ലാമിലെ യഥാർത്ഥ സംഘം

### അവതാരിക :

2008 മാർച്ച് പത്തിന് (1429 റബീ ഉൽ അവ്വൽ 1) ദൈവീക വെളിപാടു പ്രകാരം ജമാ അതു സ്സഹീ ഹിൽ ഇസ്ലാം രൂപീകരിച്ചു. ഇതൊരു പുതിയ മതമല്ല. മത ശാഖയുമല്ല. നിലവിലുള്ള ഒരു സംഘടന യുടെ ശാഖയുമല്ല. ഇസ്ലാമിലെ വിശ്വാസികളുടെ കൂട്ടത്തിൽ നിന്ന് ദൈവീക വെളിപാടുകളുടെ അടി സ്ഥാനത്തിൽ ദൈവീക മായി നിയമിക്കപ്പെടുന്ന വിശ്വാസ നവീകരണം നടത്താൻ വരുന്ന പരിഷ്കർത്താ വിന്റെ വരവോടുകൂടി രൂപമെടുക്കുന്ന വിശ്വാസികളുടെ കൂട്ടമാണ് ഈ പ്രസ്ഥാനം. ഇസ്ലാമത പ്രവാചക നായ മുഹമ്മദു നബി സല്ലല്ലാഹു അലൈഹി വസല്ലമയും ഇന്ത്യയിലെ ഖാദിയാനിൽ പ്രത്യക്ഷപ്പെട്ട മഹ്ദിയും മസീഹും ഇസ്ലാമിക പരിഷ്കർത്താവും ഉമ്മത്തി നബിയുമായ ഹസ്രത്ത് മിർസാ ഗുലാം അഹ്മദ് അലൈഹി സ്സലാമും കാണിച്ച പരമ്പരാഗതമായ വിശ്വാസത്തിന്റെയും അനുഭവത്തിന്റെയും അടി.സ്ഥാനത്തിൽ രൂപപ്പെട്ട പ്രസ്ഥാനം അതാണ് ജമാ അതു സ്സഹീഹിൽ ഇസ്ലാം അഥവാ ഇസ്മിലെ യഥാർത്ഥ സംഘം.

ബഹുമാന്യനായ മൂനീർ അഹമദ് ആസിം വിനീത ദൈവീക ദാസൻ ദൈവീക വെളിപാടുകൾ ലഭിക്കുന്നു എന്ന് അദ്ദേഹം അവകാശപ്പെടുന്നു. അദ്ദേഹം ഉറപ്പിച്ചുപറയുന്നു അതായത് അദ്ദേഹത്തെ അല്ലാഹു ഈ നൂറ്റാിലെ മുഹ്യിദ്ദീൻ (ഇസ്ലാമത പരിഷ്കർത്താവ് ) ആക്കിയിരിക്കുന്നു – എന്ന്.

അദ്ദേഹത്തിൻ വാക്കുകൾ ഇങ്ങനെ ഭാഷാന്തരം ചെയ്യാം **“എനിക്ക് പണമോ പദവിയോ ആവശ്യമില്ല. മാനവരാശിക്ക് മുന്നറിയിപ്പ് നൽകാനായി അല്ലാഹു എന്നെ നിയോഗിച്ചിരിക്കു ന്നു. ഞാൻ അവന്റെ (അല്ലാഹുവിന്റെ) സന്ദേശത്തെ എത്തിക്കുന്നു എന്നുമാത്രം. നിങ്ങൾ അതു സ്വീകരിച്ചാൽ നിങ്ങൾക്ക് ഐഹിക ജീവിതത്തിലും മരണാനന്തര ജീവിതത്തിലും സംതൃപ്തി ലഭിക്കുന്നതാണ്. അല്ലാഹുവിന്റെ ഈ വാക്ക് നിരസിച്ചാൽ നിങ്ങൾക്കുംഎനിക്കും ഇടയിൽ അവൻ (അല്ലാഹു) തീരുമാനിക്കും. ഇന്നു മുതൽ ഞാൻ ഈ നൂറ്റാിലെ മുഹ് യി ദ്ദീൻ ആണെന്ന് ഞാൻ അല്ലാഹുവിനെ സാക്ഷി നിർത്തുന്നു.”** --

മുനീർ അഹമ്മദ് ആസിം, ഖലീഫത്തുല്ലാഹ്, മുജദ്ദിദ് , മുഹ്യിദ്ദീൻ, മസീഹ്മൗ ഊദ്, അമീറുൽ മൂമിനീൻ.

ഇസ്ലാമിൽ മുജദ്ദിദ് മാരുടെ ആഗമനം ഒരു പുതിയ കാര്യമൊന്നുമല്ല. ദൈവവുമായി സംഭാഷണം നടത്തുകയും ദൈവത്തിൽ നിന്ന് നിർദ്ദേശം ലഭിച്ചതനുസരിച്ച് ലോകത്തിന് നേരായ മാർഗ്ഗം കാണിച്ചുകൊടുക്കുകയും ഇസ്ലാമിക അദ്ധ്യാപനത്തെ സജീവമാക്കി നിലനിർത്തുകയും ചെയ്യുന്ന അത്തരം ആളുകൾ ആവശ്യമനുസരിച്ച് എല്ലാകാലത്തും ഉാവുക എന്നത് ഇസ്ലാമിന്റെ ഒരു സവിശേഷതയാണ്. അത്തരം ആളുകൾ അടിക്കടി ഇസ്ലാമിൽ ഉായിക്കൊിരുന്നിട്ടു്. പ്രത്യേകിച്ച് എല്ലാ നൂറ്റാുകളുടെയും തുടക്കത്തിൽ അവർ ആവിർഭവിച്ചുകൊിരിന്നിട്ടു്. എന്തെന്നാൽ **നബി തിരുമേനി** (സ) ഇപ്രകാരം ഒരു പ്രവചനം അരുൾ ചെയ്തിരിക്കുന്നു. “ മതപരമായ തെറ്റുകൾ” തിരുത്തി അവയ്ക്ക് നവജീവൻ പകരുന്നതിനുള്ള ആളിനെ ഈ സമുദായത്തിൽ ഓരോ നൂറ്റാിന്റെ തലയ്ക്കലും നിശ്ചയമായും അല്ലാഹു അയക്കുന്നതാണ് :- അബു ദാവൂദ് (സന്മാർഗ്ഗ ദർശിനി പേജ് 8 നോക്കുക)

ഈ വചനത്തെ അന്വർത്ഥമാക്കിക്കൊ്

ഒന്നാം നൂറ്റാിൽ ഉമറബ്ന് അബദുൽ അസീസും

രാം നൂറ്റാിൽ ഇമാം ഷാഫിയും

മൂന്നാം നൂറ്റാിൽ അബ്ദുൽ ഹസൻ അഷാരിയും

നാലാം നൂറ്റാിൽ അബു ഉബൈദ് നയിഷാപൂരിയും

അഞ്ചാം നൂറ്റാിൽ ഇമാം ഗസ്സാലിയും

ആറാം നൂറ്റാിൽ സയ്യിദ് അബ്ദുൽ ഖാദിർ ജീലാനിയും

ഏഴാം നൂറ്റാിൽ മുഇനുദീൻ ചിസ്തിയും

എട്ടാം നൂറ്റാിൽ ഹാഫിസ് ഇബ്നു ഹജർ അസ്കലാനിയും

ഒമ്പതാം നൂറ്റാിൽ സയ്യിദ് മുഹമ്മദ് ജവുൻ പുരിയും

പത്താം നൂറ്റാിൽ ഇമാം ജലാലുദീൻ സുയുത്തിയും

പതിനൊന്നാം നൂറ്റാിൽ മുജദിദ് അൽഫ് സാനിയും

പന്ത്രാം നൂറ്റാിൽ ഷാഹ് വലിയുല്ലാഹ് മുഹദ്ദിത് ദഹ്ലവിയും

പതിമൂന്നാം നൂറ്റാിൽ ഷഹീദ് സയ്യിദ് അഹമദ് ബറേൽവിയും

പതിനാലാം നൂറ്റാിൽ മിർസാ ഗുലാം അഹമദ് അലൈ ഹി സ്സലാമും

വന്നുകഴിഞ്ഞ ഇസ്ലാമിൽ പതിനഞ്ചാം നൂറ്റാിലും ഒരു മുജദ്ദിദ് വരേതല്ലേ? ചിന്തിക്കുക. പ്രവാചക പ്രഭുവായ മുഹമ്മദ് മുസ്തഫാ (സ.ഹ) യുടെ പ്രവചനം അനുസരിച്ച് ഈ നൂറ്റാിന്റെ തലയ്ക്കൽ തന്നെ അല്ലാഹു നിയോഗിച്ച ആൾ എത്തിയിരിക്കുന്നു. സത്യാത്മാക്കളെ ഈ പരമ സത്യാമൃതം നുകരുവാൻ സസന്തോഷം മാനവരാശിയെ ക്ഷണിക്കുകയാണ്.

പതിനഞ്ചാം നൂറ്റാിലെ മുജദ്ദിദിന്റെ വാക്കുകളിലൂടെ ഞാൻ ഈ കുറുപ്പിന് വിരാമമിടുകയാണ്. അദ്ദേഹം പറഞ്ഞു ***“I want neither pelf nor power. I have been commissioned by Allah as a warner unto man kind to deliver HIS message to you. Should you accept it you shall have felicity in this life as well as in the life to come. Should you reject the word of Allah surely , Allah will decide between you and me. As from today , I take Allah as my witness that I am the MUHYI-UD-DIN of this era.”***